# മണ്ണാറശാല ശ്രീനാഗരാജ ക്ഷേത്രം







# ആയില്യ മഹോത്സവം

2022 (1198)

### പുണർതം
2022 നവംബർ 14
(1198 തുലാം 28)
തിങ്കൾ

### പൂയം
2022 നവംബർ 15
(1198 തുലാം 29)
ചൊവ്വ

### ആയില്യം
2022 നവംബർ 16
(1198 തുലാം 30)
ബുധൻ






ആയില്യം എഴുന്നള്ളത്ത് (ഫയൽ ചിത്രം)





2019-ലെ ആയില്യമഹോത്സവത്തിന്റെ അരങ്ങിൽ നിന്നും



# വന്ദനശ്ലോകം

ശശാങ്കശതദീധിതിം ദ്രുതഹിരണ്യശൈലാകൃതിം
പിശംഗകുടിലോല്ലസജ്ജടിലമബ്ജചൂഡാമണിം
വിസൃത്വരഫണോത്കരപ്രചുരരത്നമാലോജ്ജ്വലം
ഭുജംഗമകുലാധിപം ഭുവനനാഥമാരാധയേ.

ധൃതമരതകമാലാമാശു മന്ദാരശാലാ-
വിപിനമധിവസന്തീം സംസ്ഫുരച്ചന്ദ്രകാന്തീം
ഘുസൃണമസൃണഗാത്രീം ഭൂരികല്യാണദാത്രീം
സരസിജസദൃശാക്ഷീമാശ്രയേ സർപ്പയക്ഷീം.

നാഗാധിനാഥദയിതാമഥ നാഗയക്ഷീം
നാനാവിഭൂഷണവിശേഷിതഗാത്രലക്ഷ്മീം
കൗസുംഭകാന്തികമനീയതരാംബരാഢ്യാം
ജംഭാരിമുഖ്യവിനതാംഘ്രിയുഗാം ഭജാമി.

ചണ്ഡാംശുഭാസ്വന്മണികുണ്ഡലാഢ്യാം
ചാമുണ്ഡികാം മണ്ഡിതകുണ്ഡലീഡ്യാം
തിഗ്മാട്ടഹാസത്രുടിതത്രിലോകീം
സേവേ കൃപാണോഗ്രകരാം കരാളാം.

(ബ്രഹ്മശ്രീ. എം.ജി. നാരായണൻ നമ്പൂതിരി രചിച്ച
മന്ദാരശാലോദയം കാവ്യത്തിൽനിന്നും)




ഭക്തജനങ്ങളെ,

ഭാരതത്തിലെ പരിപാവനങ്ങളായ നാഗാരാധന കേന്ദ്രങ്ങളിൽ അതിപുരാതനവും സുപ്രസിദ്ധവുമായ **മണ്ണാറശാല ശ്രീനാഗരാജസ്വാമി ക്ഷേത്രത്തിലെ ഈ വർഷത്തെ ആയില്യ മഹോത്സവം പരമ്പരാഗത അനുഷ്ഠാനങ്ങൾ പാലിച്ചുകൊണ്ട് 2022 നവംബർ 14, 15, 16 (1198 തുലാമാസം 28, 29, 30) തീയതികളിൽ ആഘോഷിക്കുകയാണ്.** ആഘോഷങ്ങൾക്ക് മുന്നോടിയായി തിരുവാതിര നാളിൽ ക്ഷേത്രത്തിൽ ഏകാദശ രുദ്രാഭിഷേകവും ഇല്ലത്ത് നിലവറയ്ക്കു സമീപം സർപ്പം പാട്ടുതറയിൽ രുദ്രൈകാദശിനീ കലശാഭിഷേകവും നടക്കും.

പാരമ്പര്യവിധിപ്രകാരം ആയില്യത്തിന് മുന്നോടിയായി നാഗരാജാവിനും സർപ്പയക്ഷിയമ്മയ്ക്കും ചാർത്തുന്ന നാലുദിവസത്തെ കളഭമുഴുക്കാപ്പ് പൂർണ്ണമാകുന്ന പുണർതം നാളായ നവംബർ 14-ാം തീയതി തിങ്കളാഴ്ച സന്ധ്യയ്ക്കുള്ള മഹാദീപക്കാഴ്ചയോടെയാണ് ഈ വർഷത്തെ ആയില്യമഹോത്സവാഘോഷങ്ങൾ ആരംഭിക്കുന്നത്. വിശേഷാൽ പൂജകളാലും നിവേദ്യങ്ങളാലും സംപ്രീതനായിരിക്കുന്ന സാക്ഷാൽ അനന്തഭഗവാന്റെ ദർശനപുണ്യമായ പൂയം തൊഴൽ നവംബർ 15-ാം തീയതി ചൊവ്വാഴ്ച നടക്കും. 16-ാം തീയതി ബുധനാഴ്ചയാണ് സവിശേഷ ചടങ്ങുകളോടെ നടത്തപ്പെടുന്ന ഭഗവാന്റെ തിരുനാളായ വിശ്വപ്രസിദ്ധമായ മണ്ണാറശാല ആയില്യം.

ക്ഷേത്രാചാരവിധിപ്രകാരം ആയില്യം, ശിവരാത്രി, മാഘമാസം എന്നീ വിശേഷാവസരങ്ങളിൽ നടത്തപ്പെടുന്ന പൂജകളിൽ അമ്മയ്ക്കാണ് മുഖ്യകാർമ്മികത്വം. അമ്മമാർ മാത്രം ചെയ്തുവരുന്ന ഈ വിശേഷാൽ പൂജകളും അതോടനുബന്ധിച്ചുള്ള മറ്റു ചടങ്ങുകളും അമ്മമാർക്ക് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായാൽ പ്രസ്തുത പൂജകളും ചടങ്ങുകളും മറ്റാരും തന്നെ നിർവ്വഹിക്കുക പതിവില്ല. ആയില്യം നാളിലെ എഴുന്നള്ളത്തിനും പൂജകൾക്കും മുടക്കമുണ്ടാകുന്ന പക്ഷം കാരണവന്മാരുടെ കാർമ്മികത്വത്തിൽ ക്ഷേത്രത്തിൽ മാത്രമാണ് പൂജകൾ നടത്തപ്പെടുന്നത്. ഈ വിഷയത്തിൽ പാരമ്പര്യവിധി ആവർത്തിച്ചുറപ്പിക്കുന്നതായിരുന്നു അഷ്ടമംഗലദേവപ്രശ്നത്തിലൂടെ വെളിവായ ഭഗവദ്നിശ്ചയം.

നൂറ്റാണ്ടുകളായി, പാരമ്പര്യവിധി പ്രകാരം കുടുംബ കാരണവരുടെ കാർമ്മികത്വത്തിൽ, ക്ഷേത്ര ശ്രീകോവിലിൽ വൃശ്ചിക മാസത്തിലും ശിവരാത്രിദിനത്തിലും വിശേഷമായി നടന്നുവരുന്ന, പ്രത്യേക പൂജകളും കലശാഭിഷേകവും നൂറുംപാലും മറ്റു മാസങ്ങളിലെ ആയില്യ ദിനങ്ങളിൽ കൂടി നടത്തുന്നതിന് ദേവപ്രശ്നവശാൽ ഭഗവാന്റെ പൂർണ്ണമായ അനുജ്ഞ ലഭിച്ചതിനു ശേഷം ആദ്യമായി നടക്കുന്ന ആയില്യമഹോത്സവമാണ് ഈ വർഷത്തേത് എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

ആയില്യം മഹോത്സവത്തോടനുബന്ധിച്ച് ഇക്കുറിയും ക്ഷേത്രപരിശുദ്ധിക്കിണങ്ങുംവിധമുള്ള കലാ-സാംസ്ക്കാരിക പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയില്യത്തിന്റെ ഭാഗമായി ക്ഷേത്രകലകളുടെ പ്രോത്സാഹനത്തിനും ഈ കലകളിലെ അഗ്രഗണ്യരായി ശോഭിക്കുന്ന കലാനിപുണരെ ആദരിക്കുന്നതിനുമായി ക്ഷേത്രം ട്രസ്റ്റ് ഏർപ്പെടുത്തിയിട്ടുള്ള "മണ്ണാറശാല ശ്രീ നാഗരാജപുരസ്ക്കാര" സമർപ്പണവും നടക്കുന്നുണ്ട്. നൃത്തം, വാദ്യം, ഗീതം, നാട്യം എന്നീ നാലുവിഭാഗങ്ങളിലുമുള്ള നാല് പ്രതിഭാധനരെയാണ് ആദരിക്കുന്നത് എന്നുകൂടി അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

ഭക്താഭീഷ്ടപ്രദായകനായ നാഗാധിനാഥന്റെ പ്രധാന ആട്ടവിശേഷമായ ഈ ആയില്യം ഉത്സവവേളയിൽ നിറഞ്ഞ ഭക്തിയോടെ ദർശനത്തിനെത്തുന്ന മുഴുവൻ ഭക്തജനങ്ങൾക്കും ശ്രീനാഗരാജ സ്വാമിയുടെ അനുഗ്രഹങ്ങൾ ഉണ്ടാകുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ,

**എം. കെ. പരമേശ്വരൻ നമ്പൂതിരി**
മണ്ണാറശാല ഇല്ലം




## പുണർതം 2022 നവംബർ 14 തിങ്കൾ

പകൽ 3.00 മണിക്ക് :

# ശ്രീ നാഗരാജ പുരസ്കാരദാന സമ്മേളനം

ഒൻപതാമത് മണ്ണാറശാല ശ്രീ നാഗരാജ പുരസ്കാരം നൽകി ആദരിക്കപ്പെടുന്ന കലോപാസകർ:



**ശ്രീ. സദനം വാസുദേവൻ** (വാദ്യം)
**പദ്മഭൂഷൺ ഡോ. ടി. വി. ഗോപാലകൃഷ്ണൻ** (ഗീതം)
**പത്മശ്രീ കലാമണ്ഡലം ശിവൻ നമ്പൂതിരി** (നാട്യം)
**ശ്രീമതി കലാമണ്ഡലം സുഗന്ധി** (നൃത്തം)

വൈകുന്നേരം 5 മണിക്ക് :

## നടതുറപ്പ്, മഹാദീപക്കാഴ്ച

7.30 മുതൽ 9.30 വരെ : പ്രശസ്ത നർത്തകി

**രമാവൈദ്യനാഥൻ** അവതരിപ്പിക്കുന്ന



# നടനാഞ്ജലി

ശ്രീമതി സുധാ രഘുരാമൻ (വോക്കൽ) | ശ്രീ. വിജു ശിവാനന്ദ് (വയലിൻ)
ശ്രീ. സുമോദ് ശ്രീധരൻ (മൃദംഗം) | ശ്രീമതി സുധാമണി ചന്ദ്രശേഖർ (നട്ടുവാങ്കം)

## പൂയം 2022 നവംബർ 15 ചൊവ്വ



രാവിലെ 5.30 മുതൽ 6.00 വരെ : ഹരിനാമകീർത്തനം
6.00 മുതൽ 8.00 വരെ : ഭാഗവതപാരായണം
8.00 മുതൽ 9.30 വരെ : **ഓട്ടൻതുള്ളൽ**
അവതരണം : ശ്രീ. മണ്ണഞ്ചേരി ദാസൻ
9.30 മുതൽ 11.00 വരെ : **ഹരികഥ**
അവതരണം : ശാസ്താംകാവ് ക്ഷേത്ര കലാവേദി, കാരാപ്പുഴ, കോട്ടയം




രാവിലെ 9.30 ന് മേൽ : **നാഗരാജാവിനും സർപ്പയക്ഷിയമ്മയ്ക്കും തിരുവാഭരണംചാർത്തി ചതുഃശത നിവേദ്യത്തോടെയുള്ള പൂയം നാളിലെ ഉച്ചപ്പൂജ (ദർശന പ്രധാനം)**

11.00 മുതൽ 1.00 വരെ : **സംഗീതകച്ചേരി**

വോക്കൽ : ശ്രീ. ചങ്ങംകരി സന്തോഷ്കുമാർ
വയലിൻ : ശ്രീ. ചമ്പക്കര രാജേഷ്
മൃദംഗം : ശ്രീ. സുഭാഷ്. ഡി. നായർ
ഘടം : ശ്രീ. നെടുങ്കുന്നം ശരത്

11. 00 മണി മുതൽ : **പ്രസാദമൂട്ട്**
(ക്ഷേത്രം വക യു. പി. സ്കൂൾ അങ്കണത്തിൽ)

1.00 മുതൽ 2.00 വരെ : **അദ്ധ്യാത്മിക പ്രഭാഷണം**
പ്രഭാഷകൻ : ശ്രീ. തോട്ടത്തിൽ സുരേന്ദ്രനാഥ്, മാന്നാർ

2.30 മുതൽ 3.30 വരെ : **ഭക്തിഗാനാമൃതം**
അവതരണം : വേദകലാക്ഷേത്ര, മാവേലിക്കര



വൈകിട്ട് 4.30 മുതൽ 6.30 വരെ :
**പഞ്ചാരിമേളം**
സർവ്വശ്രീ. കിഴക്കൂട്ട് അനിയൻ മാരാരും സംഘവും

വൈകിട്ട് 5 മണി മുതൽ : **പൂയം തൊഴൽ**

വൈകിട്ട് 5.00 മുതൽ 7.00 വരെ : **നൃത്തസന്ധ്യ**
അവതരണം : അമ്പാടി സ്കൂൾ ഓഫ് ഡാൻസ്, തിരുവനന്തപുരം    അരങ്ങിൽ : കലാക്ഷേത്ര മീരാകൃഷ്ണയും സംഘവും

വൈകിട്ട് 7.00 മുതൽ 10.00 വരെ :
**സംഗീതസദസ്സ്**



വോക്കൽ : ഗാനപൂർണ്ണശ്രീ ശൃംഗേരി ശാരദാപീഠം ആസ്ഥാനവിദ്വാൻ രാഗരത്നശ്രീ. ചെങ്കോട്ട ഹരിഹര സുബ്രഹ്മണ്യ അയ്യർ
വയലിൻ : ശ്രുതിലയ രത്നശ്രീ തിരുവിഴ ജി. ഉല്ലാസ്
മൃദംഗം : കാഞ്ചികാമകോടിപീഠം ആസ്ഥാനവിദ്വാൻ ശ്രീ. പെരുന്ന ഹരികുമാർ
ഘടം : ശ്രുതിലയവാദ്യ വിശാരദ് ശ്രീ. മാഞ്ഞൂർ ഉണ്ണികൃഷ്ണൻ




രാത്രി 10.00 മുതൽ :

# കഥകളി

പുറപ്പാട്: മാസ്റ്റർ സുനിൽകുമാർ പത്തിയൂർ
മാസ്റ്റർ ആദിത്യൻ എ. ലക്ഷ്മൺ

## കഥ 1 – ബാണയുദ്ധം

ഉഷ : ശ്രീ. കലാമണ്ഡലം ഷണ്മുഖദാസ്
ചിത്രലേഖ : ശ്രീ. മാർഗ്ഗി വിജയകുമാർ
അനിരുദ്ധൻ : മാസ്റ്റർ ആദിത്യൻ എ. ലക്ഷ്മൺ



## കഥ 2 – ഉത്തരാസ്വയംവരം

ദുര്യോധനൻ (1) : ശ്രീ. കലാമണ്ഡലം ബാലസുബ്രഹ്മണ്യൻ
ഭാനുമതി : ശ്രീ. കലാമണ്ഡലം ചമ്പക്കര വിജയകുമാർ
ദൂതൻ : ശ്രീ. കലാമണ്ഡലം ഭാഗ്യനാഥ്
കർണ്ണൻ : ശ്രീ. ആനിക്കാട് കണ്ണൻ
ഭീഷ്മർ : ശ്രീ. മൈനാഗപ്പള്ളി ഗോപൻ
കൃപർ : ശ്രീ. തിരുവല്ല സദാശിവൻ
ത്രിഗർത്തൻ : ശ്രീ. കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താൻ
പശുപാലകർ : 1. കുമാരി ദേവമാനസ കാളിയേഴുത്ത്
2. ശ്രീ. തിരുവല്ല സദാശിവൻ
വിരാടൻ : ശ്രീ. തിരുവഞ്ചൂർ സുഭാഷ്
വലലൻ : ശ്രീ. കലാമണ്ഡലം ഹരിപ്പാട് ബാലകൃഷ്ണൻ
ഉത്തരൻ : ശ്രീ. കലാമണ്ഡലം കൃഷ്ണപ്രസാദ്
പത്നിമാർ : 1. ശ്രീ. മധു വാരണാസി
2. ശ്രീ. കലാമണ്ഡലം കാശിനാഥ്
ബൃഹന്ദള : ശ്രീ. കലാമണ്ഡലം കൃഷ്ണകുമാർ
സൈരന്ധ്രി : ശ്രീ. കുടമാളൂർ മുരളീകൃഷ്ണൻ
ഉത്തര : ശ്രീ. മധു വാരണാസി
ദുര്യോധനൻ (2) : ശ്രീ കലാമണ്ഡലം പ്രശാന്ത്
കർണ്ണൻ : ശ്രീ. ആനിക്കാട് കണ്ണൻ
കൃപർ : ശ്രീ. കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താൻ
ദ്രോണർ : ശ്രീ. കലാമണ്ഡലം കാശിനാഥ്
ഭീഷ്മർ : ശ്രീ. ഗോപൻ മൈനാഗപ്പള്ളി

ഗായകർ :
ശ്രീ. പത്തിയൂർ ശങ്കരൻകുട്ടി
ശ്രീ. കോട്ടക്കൽ മധു
ശ്രീ. കലാമണ്ഡലം ഹരീഷ്
ശ്രീ. കലാമണ്ഡലം വിനോദ്

ചെണ്ട :
ശ്രീ. കുറൂർ വാസുദേവൻ നമ്പൂതിരി
ശ്രീ. കലാമണ്ഡലം കൃഷ്ണദാസ്
ശ്രീ. ആയാംകുടി ഉണ്ണികൃഷ്ണൻ
ശ്രീ. മനോജ് കുറൂർ

മദ്ദളം :
ശ്രീ. കോട്ടയ്ക്കൽ രവി
ശ്രീ. മാർഗ്ഗി നാരായണൻ നമ്പൂതിരി
ശ്രീ. കലാമണ്ഡലം അച്യുതവാര്യർ

ചുട്ടി :
ശ്രീ. ചിങ്ങോലി പുരുഷോത്തമൻ
ശ്രീ. കലാനിലയം സജി

അണിയറ :
ശ്രീ. അരുൺ പന്മന
ശ്രീ. ഓമനക്കുട്ടൻ തിരുവല്ല

ചമയങ്ങൾ :
ശ്രീവല്ലഭവിലാസം കഥകളിയോഗം തിരുവല്ല
മാനേജർ ശ്രീ. തിരുവല്ല രാധാകൃഷ്ണൻ




# ആയില്യം 2022 നവംബർ 16 ബുധൻ

രാവിലെ 5.30 മുതൽ 6.00 വരെ : **ഹരിനാമകീർത്തനം**

6.00 മുതൽ 8.00 വരെ : **ഭാഗവതപാരായണം**
**ശ്രീ. അരവിന്ദാക്ഷൻ നായർ & ശ്രീ. ചെറുതന തങ്കപ്പൻ**

8.00 മുതൽ 9.30 വരെ : **അദ്ധ്യാത്മിക പ്രഭാഷണം**
**ശ്രീമതി സരിത അയ്യർ**
(അസോ. പ്രൊഫസർ, ഏറ്റുമാനൂരപ്പൻ കോളേജ്, ഏറ്റുമാനൂർ)

9.30 മുതൽ 11.30 വരെ : **സംഗീതസദസ്സ്**

വോക്കൽ : **യുവ സംഗീതജ്ഞൻ ശ്രീ. വ്യാസ്കുമാർ ബാലാജി M.A.**
**(R.L.V. കോളേജ് ഓഫ് മ്യൂസിക്, തൃപ്പൂണിത്തുറ)**

വയലിൻ : **ശ്രീ. മാവേലിക്കര സതീഷ്ചന്ദ്രൻ**
മൃദംഗം : **ശ്രീ. ഹരിപ്പാട് എം. എസ്. രാജു**
ഘടം : **ശ്രീ. ശ്രീരാജ് ജി. കമ്മത്ത്**
മുഖർശംഖ് : **ശ്രീ. ആർ. ജയപ്രകാശ്**

10 മണി മുതൽ : **മഹാപ്രസാദമൂട്ട്**
(ക്ഷേത്രം വക യു. പി. സ്കൂളിൽ)

**കുടുംബ കാരണവർ ബ്രഹ്മശ്രീ എം. കെ. പരമേശ്വരൻ നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ നാഗരാജാവിനും സർപ്പയക്ഷിയമ്മയ്ക്കും തിരുവാഭരണം ചാർത്തിയുള്ള ആയില്യം നാളിലെ വിശേഷാൽ കലശാഭിഷേകത്തിനും പൂജകൾക്കും ശേഷം ക്ഷേത്രനടയിൽ വിവിധ മേള–വാദ്യങ്ങളാൽ സേവയും നടക്കുന്നതാണ്.**

11.30 മുതൽ 12.30 വരെ : **കവിയരങ്ങ്**
അവതരണം : **സർഗ്ഗചൈതന്യ റൈറ്റേഴ്സ് ഫോറം, ഹരിപ്പാട്**

12.30 മുതൽ 1.30 വരെ : **പാഠകം**
**ശ്രീ. പി. പി. ചന്ദ്രൻ മാസ്റ്റർ**






ഉച്ചയ്ക്ക് 1.30 മുതൽ 3.00 മണി വരെ :



# വീണക്കച്ചേരി

ശ്രീമതി എ.കെ. ദ്രൗപതി (വീണ)

ശ്രീ. ചേപ്പാട് എ ഇ കൃഷ്ണൻ നമ്പൂതിരി (മൃദംഗം), ശ്രീ. പ്രമോദ് രാമചന്ദ്രൻ (ഘടം)

ശ്രീ. മാവേലിക്കര മോഹനൻ (മുഖർശംഖ്)



ഉച്ചയ്ക്ക് 3.00 മണി മുതൽ 5.00 മണി വരെ :

# ഹിന്ദുസ്ഥാനി സംഗീതസദസ്സ്

അവതരണം : ശ്രീ. ചാത്തന്നൂർ കെ. മനോജ്കുമാർ

തബല : ശ്രീ. മട്ടാഞ്ചേരി നവീൻകുമാർ പൈ, ഹാർമോണിയം : ശ്രീ. ജി. സുരേന്ദ്രൻ

വൈകിട്ട് 5.00 മണി മുതൽ 6.30 വരെ :

# നാഗസുകൃതം



(സംഗീത നൃത്തശിൽപ്പം)

അവതരണം : കലാനിധി, തിരുവനന്തപുരം, ആവിഷ്ക്കാരം : ഗീതാ രാജേന്ദ്രൻ, കലാനിധി



വൈകിട്ട് 6.30 മുതൽ 8.00 വരെ :

# തിരുവാതിര

അവതരണം :

അന്യോന്യം തിരുവാതിര സംഘം, തൃപ്പൂണിത്തുറ

രാത്രി 8.00 മുതൽ 10.00 മണി വരെ :

പദ്മഭൂഷൺ ഡോ. വെമ്പട്ടി ചിന്നസത്യത്തിന്റെ ശിഷ്യ

കലാശ്രീ ശ്രീമതി ഗീതാ പത്മകുമാർ അണിയിച്ചൊരുക്കുന്ന



# കുച്ചിപ്പുടി അരങ്ങ്

അവതരണം : പാദം സ്കൂൾ ഓഫ് കുച്ചിപ്പുടി, പെരുമ്പാവൂർ

രാത്രി 10.00 മണി മുതൽ : നൃത്തനാടകം

# ദേവഗാന്ധാരം

അവതരണം : ഹരിപ്പാട് നവദർശന




## തിരുവാതിര നാളിൽ ഏകാദശ രുദ്രാഭിഷേകവും രുദ്രൈകാദശിനീ കലശാഭിഷേകവും

ഇദംപ്രഥമമായി കന്നി മാസത്തിലെ തിരുവാതിര നാളിൽ ക്ഷേത്രത്തിൽ നാഗരാജ സ്വാമിക്ക് ഏകാദശ രുദ്രാഭിഷേകവും 11 വൈദിക ശ്രേഷ്ഠരുടെ കാർമ്മികത്വത്തിൽ ഇല്ലത്ത് നിലവറയ്ക്കു സമീപം സർപ്പം പാട്ടുതറയിൽ രുദ്രമൂർത്തിയായ മഹാദേവന് 'രുദ്രൈകാദശിനീ' കലശാഭിഷേകവും നടക്കുകയുണ്ടായി. കന്നിയിലേതിനു സമാനമായി ഈ ചടങ്ങുകൾ തുലാമാസത്തിലെ തിരുവാതിര നാളിലും (13.11.2022 ഞായറാഴ്ച) രാവിലെ നടക്കുന്നതാണ്.

## നാഗസ്വര-മേള വാദ്യസേവ

പൂയം, ആയില്യം നാളുകളിൽ ക്ഷേത്രനടയിലെ സേവയ്ക്ക് ശേഷം ഉച്ചയ്ക്ക് 2.30 മുതൽ സർപ്പംപാട്ട് തറയിലും മേളവാദ്യസേവ ഉണ്ടായിരിക്കുന്നതാണ്.

പഞ്ചവാദ്യസേവ : **എരവത്ത് അപ്പുമാരാരും സംഘവും**
ഇടയ്ക്ക വാദ്യസേവ : **ശ്രീ. അമ്പലപ്പുഴ വിജയകുമാറും സംഘവും**

**15-11-2022 പൂയംനാളിൽ രാത്രി 10 മണിക്ക് നട അടയ്ക്കുന്നതും 16-11-2022 ആയില്യം നാളിൽ വെളുപ്പിന് 4.00 ന് നട തുറക്കുന്നതുമാണ്. തുടർന്ന് നിർമ്മാല്യദർശനം, അഭിഷേകം, ഉഷഃപൂജ, വിശേഷാൽ കലശാഭിഷേകം, ഉച്ചപൂജ എന്നിവയും നടക്കും.**

**17-11-2022 വ്യാഴാഴ്ച മകം നാളിൽ ക്ഷേത്രത്തിലെ ശുദ്ധിക്രിയകൾക്ക് ശേഷം വൈകി മാത്രമാണ് പതിവ് പൂജകൾ ആരംഭിക്കുന്നത്**

ക്ഷേത്രത്തിലെ നടയ്ക്ക്‌വെയ്പ്പ് സാധനങ്ങളായ പുറ്റ്, മുട്ട, സർപ്പവിഗ്രഹങ്ങൾ, ഉപ്പ്, മഞ്ഞൾ, ഉരുളി, കർപ്പൂരം, ചന്ദനത്തിരി മുതലായവ ദേവസ്വം സ്റ്റാളിൽ നിന്നും മിതമായ നിരക്കിലും ക്ഷേത്ര പരിശുദ്ധിക്ക് അനുയോജ്യമായ നിലയിലും ലഭിക്കുന്നതാണ്.

---

| | |
|---|---|
| പന്തലും അലങ്കാരവും | : ജയശ്രീ ഡക്കറേഷൻ, മണ്ണാറശാല പി.ഒ., ഹരിപ്പാട് |
| ശബ്ദവും വെളിച്ചവും | : പ്രിയാ സൗണ്ട്സ്, മഹാദേവികാട് |
| ഫോട്ടോസ് | : സൂര്യാ സ്റ്റുഡിയോ, ഹരിപ്പാട് |
| ഡിസൈനിംഗ് & പ്രിന്റിംഗ് | : അമ്പിളി ഓഫ്സെറ്റ്, ഹരിപ്പാട് |

മാനേജർ
മണ്ണാറശാല ശ്രീ നാഗരാജക്ഷേത്രം
മണ്ണാറശാല പി.ഒ., പിൻ : 690514

മണ്ണാറശാല
18.10.2022

# എട്ടാമത് ശ്രീനാഗരാജപുരസ്കാര സമർപ്പണം (2019)



ശ്രീ. പി.കെ. നാരായണൻ നമ്പ്യാർ (വാദ്യം)



ശ്രീ. പി.ആർ. കുമാരകേരളവർമ്മ (ഗീതം)



ശ്രീ. കലാമണ്ഡലം വാസു പിഷാരടി (നാട്യം)



ശ്രീമതി നിർമ്മല പണിക്കർ (നൃത്തം)

# മന്ദാരം
## ഗസ്റ്റ് ഹൗസ് & റസ്റ്റോറന്റ്

മണ്ണാറശ്ശാല ക്ഷേത്രം, ഹരിപ്പാട്
PH: 0479 2417662, 2417663

# MANDARAM
## GUEST HOUSE & RESTAURANT

MANNARASALA KSHETRAM, HARIPAD
PH: 0479 2417662, 2417663



**ഭഗവത് ദർശനത്തിനെത്തുന്ന ഭക്തർക്ക് മികച്ച താമസസൗകര്യവും ഭക്ഷണവും ഒരുക്കിക്കൊണ്ട് മണ്ണാറശാലയിൽ ശ്രീ നാഗരാജക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ ആരംഭിച്ചിട്ടുള്ള അതിഥി മന്ദിരം**











**മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.**

**ഫോൺ: 0479 2417662, 2417663**

അമ്പിളി, ഹരിപ്പാട്-8075810817